# 1st Meeting of the India - Australia Joint Working Group on Cyber Security Cooperation

June 10, 2021

---

## സൈബർ സുരക്ഷാ സഹകരണം സംബന്ധിച്ച് ഇന്ത്യ- ഓസ്ട്രേലിയ ജോയ്ന്റ് വർക്കിങ് ഗ്രൂപ്പിന്റെ ആദ്യത്തെ സമ്മേളനം

ജൂൺ 10, 2021

സൈബർ സുരക്ഷാ സഹകരണം സംബന്ധിച്ച് ഇന്ത്യ- ഓസ്ട്രേലിയ ജോയ്ന്റ് വർക്കിങ് ഗ്രൂപ്പിന്റെ(JWG) ആദ്യത്തെ സമ്മേളനം 2021 ജൂൺ 10 ന് വിർച്ചൽ രീതിയിൽ നടന്നു.

സൈബർ സുരക്ഷാ സഹകരണത്തെക്കുറിച്ച് ഇരു രാജ്യങ്ങൾ തമ്മിൽ ചർച്ച ചെയ്യുന്നതിനായി ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയത്തിലെ ഡയറക്ടർ (ഓഷ്യാനിയ) ശ്രീമതി. പൗലോമി ത്രിപാഠി, ഓസ്ട്രേലിയയിലെ വിദേശകാര്യ വ്യപാര വകുപ്പിലെ സൈബർ അഫയേഴ്സ്, ക്രിട്ടിക്കൽ ടെക്നോളജി പ്രത്യേക ഉപദേഷ്ടാവ് ശ്രീമതി റാഫേൽ ജെയിംസ് എന്നിവർ അതാതു രാജ്യങ്ങളിലെ വിദഗ്ധപ്രതിനിധി സംഘങ്ങളെ നയിച്ചു.

പ്രവർത്തനഘടനയ്ക്ക് കീഴിൽ 2020-25 പ്രവർത്തന പദ്ധതി നടപ്പിലാക്കുന്നതിനായി സൈബർ, സൈബർ സംബന്ധമായ ക്രിട്ടിക്കൽ ടെക്നോളജി എന്നിവ സഹകരണത്തിനായി ഇന്ത്യ, ഓസ്ട്രേലിയ ഭരണകൂടങ്ങൾക്ക് കീഴിൽ സ്ഥാപിതമായ ഒരു സംവിധാനമാണ് സൈബർ സുരക്ഷാ സഹകരണത്തിനായുള്ള ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ്. ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിന് അതാതു പ്രദേശങ്ങളിലെ നയ നിർമാതാക്കളെയും പ്രവർത്തനതല വിദഗ്ധരെയും ഇത് ഒരുമിച്ച് കൊണ്ടുവരുന്നു.

ഇരു പ്രധാനമന്ത്രിമാരും തമ്മിൽ 2020 ജൂൺ 4 ന് നടന്ന നേതാക്കളുടെ വെർച്ചൽ ഉച്ചകോടിയിൽ സമഗ്ര നയതന്ത്ര പങ്കാളിത്ത (CSP)ബന്ധം മെച്ചപ്പെടുത്തിയതിനു ശേഷം ഉഭയകക്ഷി ബന്ധത്തിൽ ഉണ്ടായ സ്ഥിരമായ പുരോഗതി JWGയുടെ ഈ ആദ്യ യോഗത്തിൽ ഇരുപക്ഷവും നിരീക്ഷിച്ചു കൂടാതെ ഡിജിറ്റൽ ഇക്കോണമി, സൈബർ സുരക്ഷാ സൈബർ, സൈബർ സംബന്ധമായ ക്രിട്ടിക്കൽ ടെക്നോളജി കോർപറേഷൻ എന്നിവയിലെ ഫ്രെയിംവർക്ക് ക്രമീകരണം തിരിച്ചറിഞ്ഞ നിർണായകവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകൾ

എന്നീ മേഖലകളിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള  തങ്ങളുടെ സന്നദ്ധത അവർ വീണ്ടും ഉറപ്പുനൽകി ..

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിൽ സൈബർ സുരക്ഷാ ഭീഷണി അവലോകനങ്ങളും നിയമനിർമ്മാണത്തെയും ദേശീയ സൈബർ തന്ത്രങ്ങളെയും കുറിച്ചുള്ള വിവരങ്ങളും പങ്കുവയ്ച്ചു . ക്രിറ്റൽ ഇൻഫോർമേഷൻ ര ഇൻഫ്രാസ്ട്രക്ചറിന്റെയും 5 ജി ടെക്നോളജി, IoT ഉപകരണങ്ങൾ എന്നിവയുടെ  സുരക്ഷ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ഇന്ത്യയും ഓസ്ട്രേലിയയും സ്വകാര്യമേഖലയുമായും വിദ്യാഭ്യാസ മേഖല എന്നിവയുമായുള്ള സഹകരണം വർദ്ധിപ്പിക്കാനും നൈപുണ്യ വിജ്ഞാന വികസനത്തിനായി ഒരുമിച്ച് പ്രവർത്തിക്കാനും സമ്മതിച്ചു. കൂടാതെ ബഹുരാഷ്ട്ര വേദികളിലെ സഹകരണം ശക്തിപ്പെടുത്താനും ഇരുപക്ഷവും സമ്മതിച്ചു.

അടുത്ത ഉഭയകക്ഷി സൈബർ നയാ സംഭാഷണം,  ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജീസ് (ഐസിടി) സംബന്ധിച്ച ഉദ്ഘാടന JWG യോഗത്തിന്റെ പ്രാരംഭ സമ്മേളനവും ഇരുപക്ഷവും പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**

**ജൂൺ 10, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.